പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6168 — 04.07.2019-ൽ മറുപടിയ്ക്ക്

## മത്സ്യവിലയിലെ വർദ്ധനവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത് :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തു ട്രോളിംഗ് നിരോധനത്തെത്തുടർന്ന് മത്സ്യവില കുത്തനെ ഉയർന്നത് സാധാരണക്കാരെ പ്രതികൂലമായി ബാധിച്ചുവെന്നത് വസ്തുതയല്ലേ ; | (എ) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | മത്സ്യഫെഡ്ഡിന്റെ സ്റ്റാളുകൾ മുഖേന ന്യായമായ വിലയ്ക്ക് കൂടുതൽ മത്സ്യം ലഭ്യമാക്കുവാനും സഞ്ചരിക്കുന്ന ഫിഷ് സ്റ്റാളുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ? | (ബി) | മത്സ്യഫെഡിന്റെ 36 ഫിഷ്മാർട്ടുകൾ വഴി ഗുണനിലവാരമുള്ള മത്സ്യം ന്യായവിലയ്ക്ക് കൃത്യമായ അളവിൽ ശുചിത്വത്തോടുകൂടി വിതരണം ചെയ്തു വരുന്നു. അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്തും കൊല്ലം ശക്തികുളങ്ങര കേന്ദ്രീകരിച്ചും ഓരോ സഞ്ചരിക്കുന്ന സ്റ്റാളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ സഞ്ചരിക്കുന്ന രണ്ടെണ്ണം കൂടി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഫിഷ് സ്റ്റാളുകളും ശുചിത്വ പൂർണ്ണമായ മത്സ്യ വില്പനയും നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ